**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 395** **28-06-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീമതി കെ.കെ.രമ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനം അതിഗുരുതരമായ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്നു എന്നത് വസ്തുതയാണോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ; | (എ) | പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും യുക്തിരഹിതമായ നികുതി നിരക്ക് നിർണയവും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽ നിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറക്കുന്നതും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടർന്ന നിസ്സംഗതയും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിരുന്നു.<br><br>ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിലുള്ള അനിശ്ചിതാവസ്ഥയും റവന്യൂ കമ്മി ഗ്രാന്റിൽ വന്നിട്ടുള്ള ഗണ്യമായ ഇടിവും സർക്കാരിന് കീഴിലെ സ്ഥാപനങ്ങളുടെ വായ്പകൾ ചൂണ്ടിക്കാട്ടി നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ ഒൻപത് മാസത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നാളിതുവരെ കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകാത്തതും സ്ഥിതി കൂടുതൽ വഷളാക്കി. |
| (ബി) | 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾക്ക് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ | (ബി) | നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ ഒൻപത് മാസത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകാത്തതാണ് |

| | | | |
|---|---|---|---|
| | അത് കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണമാണോയെന്ന് വ്യക്തമാക്കാമോ; | | നിലവിലെ പ്രതിസന്ധിയുടെ പ്രധാന കാരണം. ഇതോടൊപ്പം ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല. അതേസമയം, വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടു പോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾക്ക് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കരാറുകാരുടെ ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം ഏർപ്പെടുത്താനുള്ള സാഹചര്യം വിശദമാക്കാമോ; | (സി) | നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ ഒൻപത് മാസത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകാത്തതാണ് നിലവിലെ പ്രതിസന്ധിയുടെ പ്രധാന കാരണം. ഇതോടൊപ്പം ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല. അതേസമയം, വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടു പോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾക്ക് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കരാറുകാരുടെ ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച | (ഡി) | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം |

| | | | |
|---|---|---|---|
| | നടപടികൾ വിശദമാക്കുമോ? | | പാലിച്ചും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടുമുള്ള നടപടികളിലൂടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. |

സെക്ഷൻ ഓഫീസർ